01/01/22



24/12/2021


സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
തിരുവനന്തപുരം 695 001
ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic.ker@nic.in


**ഹർജി നമ്പർ AP No.123(6)/2021/*എസ്.ഐ.സി.***

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം

(ഫയൽ നം.*1527/എസ്.ഐ.സി-ജി 5/2021*)

സന്നിഹിതൻ

അഡ്വ. എച്ച്. രാജീവൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ

ശ്രീ. ഷംസു റ്റി.കെ.,
തച്ചൻതുരുത്തിൽ ഹൗസ്,
കാമ്പിള്ളി റോഡ്, മുപ്പത്തടം പി.ഒ.,
ആലുവ, എറണാകുളം-683110 — അപ്പീൽ ഹർജിക്കാരൻ

Vs

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,
   സീനിയർ സൂപ്രണ്ട്, പഞ്ചായത്ത് ഡെപ്യൂട്ടി
   ഡയറക്ടറുടെ കാര്യാലയം,
   എറണാകുളം

2. അപ്പീൽ അധികാരി &
   പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ,
   എറണാകുളം

— എതിർകക്ഷികൾ

| | |
|---|---|
| 6(1) അപേക്ഷ നൽകിയ തീയതി | 17.08.2020 |
| മറുപടി ലഭ്യമാക്കിയ തീയതി | 07.09.2020 |
| ഒന്നാം അപ്പീൽ അപേക്ഷ നൽകിയ തീയതി | 06.10.2020 |
| മറുപടി ലഭ്യമാക്കിയ തീയതി | 30.10.2020 |
| രണ്ടാം അപ്പീൽ അപേക്ഷ നൽകിയ തീയതി | 25.01.2021 |
| കമ്മീഷനിൽ അപ്പീൽ ലഭ്യമായ തീയതി | 27.01.2021 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 19.02.2021 |
| മേൽ പ്രകാരമുള്ള റിപ്പോർട്ട് ലഭിച്ച തീയതി | 26.03.2021 |
| ഹിയറിംഗ് തീയതി & സ്ഥലം | 02.11.2021 എറണാകുളം |

| | |
|---|---|
| ഹിയറിംഗിലെ സാന്നിദ്ധ്യം<br>ഹർജിക്കാരൻ<br>ഒന്നാം എതിർകക്ഷി | <br>ഹാജരായി<br>ഹാജരായി |

## ഉത്തരവ്

അപ്പീൽ ഹർജിക്കാരനായ ശ്രീ. ഷംസു റ്റി.കെ., കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ അപേക്ഷയിൽ ബോധിപ്പിച്ചത്, ടിയാൻ വിവരാവകാശ നിയമപ്രകാരം സമർപ്പിച്ച അപേക്ഷയിന്മേലും ഒന്നാം അപ്പീൽ അപേക്ഷയിന്മേലും ലഭിച്ച മറുപടി തൃപ്തികരമല്ലെന്നും ആയതിനാൽ കമ്മീഷൻ ഇടപെട്ട് വിവരങ്ങൾ ലഭ്യമാക്കാൻ വേണ്ട നടപടി സ്വീകരിക്കണമെന്നുമാണ്.

2. ഒന്നാം എതിർകക്ഷി മുമ്പാകെ ഹർജിക്കാരൻ 17.08.2020 ൽ സമർപ്പിച്ച അപേക്ഷയിന്മേൽ 07.09.2020 ൽ മറുപടി നൽകിയിട്ടുള്ളതായി കാണുന്നു. എന്നാൽ എല്ലാ ചോദ്യങ്ങൾക്കും മറുപടി നൽകിയതായി കാണുന്നില്ല. ആയതിനാൽ ഹർജിക്കാരൻ 06.10.2020 തീയതി ഒന്നാം അപ്പീൽ അപേക്ഷ സമർപ്പിച്ചതായി കാണുന്നു. ആയത് രണ്ടാം എതിർകക്ഷി 30.10.2020 ൽ അപ്പീൽ തീർപ്പാക്കി ഒന്നാം എതിർകക്ഷിയെ അനുകൂലിച്ചുകൊണ്ടുള്ള മറുപടി നൽകിയതായി കാണുന്നു.

3. രണ്ടാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ 26.03.2021 ൽ സമർപ്പിച്ച റിപ്പോർട്ടിലൂടെ അറിയിച്ചത്, ഹർജിക്കാരന്റെ അപേക്ഷയിൽ സീനിയർ സൂപ്രണ്ട് ശ്രീ. ഡൈന്യൂസ് തോമസിന്റെ സർവ്വീസ് ബുക്കിന്റെ പകർപ്പ് ആവശ്യപ്പെട്ടതിന് "കേന്ദ്ര വിവരാവകാശ കമ്മീഷന്റെ 11.02.2020 ലെ ഉത്തരവിൽ, ജീവനക്കാരന്റെ സേവന പുസ്തകത്തിലെ വിവരങ്ങൾ എന്നത് വിവരാവകാശ നിയമം 2005 സെക്ഷൻ 8(1)(ജെ) പ്രകാരം ഒരു ഓർഗനൈസേഷനിലെ ഒരു ജീവനക്കാരന്റെ ഉദ്യോഗസ്ഥന്റെ പ്രകടനം പ്രാഥമികമായി ജീവനക്കാരനും തൊഴിലുടമയും തമ്മിലുള്ള വിഷയമാണ്, സാധാരണയായി ഈ വശങ്ങളെ നിയന്ത്രിക്കുന്നത് 'വ്യക്തിഗത വിവരങ്ങൾ' എന്ന പ്രയോഗത്തിന് കീഴിലുള്ള സേവന നിമയങ്ങളാണ്, ഇത് വെളിപ്പെടുത്തുന്നത് ഒരു പൊതുജനവുമായും

RIGHT TO INFORMATION

പൊതുജനതാൽപര്യവുമായും യാതൊരു ബന്ധവുമില്ലാത്തതുമാകുന്നു. മറുവശത്ത് ആ വ്യക്തിയുടെ സ്വകാര്യതയിലേക്ക് അനാവശ്യമായ കടന്നുകയറ്റത്തിന് കാരണമാകും...'' എന്ന് പരാമർശിച്ചിട്ടുള്ളതിനാൽ സർവ്വീസ് ബുക്കിന്റെ പകർപ്പ് നൽകേണ്ടതില്ലെന്ന് രണ്ടാം എതിർകക്ഷി നിരീക്ഷിക്കുകയുണ്ടായി എന്നും പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറാഫീസ് ഒന്നാം എതിർകക്ഷി മുമ്പാകെ ശ്രീമതി രത്നമ്മ സുരേഷ് എന്നവർ സമർപ്പിച്ച വിവരാവകാശ അപേക്ഷ തീർപ്പാക്കിയത് സംബന്ധിച്ച ആക്ഷേപങ്ങളും പരാതിയുമാണ് ഹർജിക്കാരൻ വിവരാവകാശ അപേക്ഷയിലും അപ്പീൽ അപേക്ഷയിലും പ്രധാനമായും ഉന്നയിച്ചിട്ടുള്ളതെന്നും എന്നാൽ ടിയാൻ ആവശ്യപ്പെട്ട വിവരങ്ങൾക്ക് വസ്തുതാപരമായി മറുപടി ലഭ്യമാക്കിയിട്ടുണ്ട് എന്നതിന്റെ അടിസ്ഥാനത്തിൽ ഹർജിക്കാരന്റെ അപ്പീൽ തീർപ്പാക്കിയെന്നുമാണ്.

4. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ, ഹർജിക്കാരന്റെ 17.08.2020 ലെ വിവരാവകാശ അപേക്ഷയിന്മേൽ ഒന്നാം എതിർകക്ഷി 07.09.2020 തീയതി മറുപടി നൽകിയതായി കാണുന്നു. ഹർജിക്കാരൻ 06.10.2020 ൽ അപ്പീൽ അപേക്ഷ സമർപ്പിച്ചതിന്മേൽ അപ്പീൽ അധികാരി ടി അപ്പീൽ അപേക്ഷ 30.10.2020 ൽ തീർപ്പാക്കിയതായും കാണുന്നു. ഇരുകക്ഷികളും ഹിയറിംഗിൽ പങ്കെടുക്കുകയും മൊഴി നൽകുകയും ചെയ്തു. എതിർകക്ഷി നൽകിയ മറുപടി ശരിയാണെന്നു കാണുന്നു. വിവരാവകാശ നിയമത്തിന്റെ മറവിൽ ശ്രീമതി. രത്നമ്മ സുരേഷ് നൽകിയ നിയമവിരുദ്ധമായ സ്പഷ്ടീകരണ അപേക്ഷക്ക് നിയമവിരുദ്ധമായി എസ്.പി.ഐ.ഒ. നൽകിയ വ്യാജരേഖ സമാനമായ മറുപടിയെ സംബന്ധിച്ചാണ് ഹർജികക്ഷി പരാതിയായി മൊഴി നൽകിയത്. എന്നാൽ ആയത് തെളിയിക്കുവാൻ ആവശ്യമായ രേഖകൾ ഒന്നും തന്നെ കമ്മീഷൻ മുമ്പാകെ ഹാജരാക്കിയിട്ടില്ല. ടിയാന് ലഭ്യമായ മറുപടിയിന്മേൽ എന്തെങ്കിലും അവ്യക്തതയുണ്ടെങ്കിൽ ആയതിന് ആവശ്യമായ കാരണങ്ങൾ കമ്മീഷൻ മുമ്പാകെ സമർപ്പിക്കേണ്ടതായിരുന്നു. അപ്രകാരം ഒന്നുംതന്നെ ഹർജിക്കാരി വിശദീകരിച്ചിട്ടില്ല. ഹർജികക്ഷി നൽകിയ വിവരാവകാശ അപേക്ഷയും അപ്പീൽ അപേക്ഷകളും വ്യക്തതയില്ലാത്തതും

ആവശ്യമില്ലാത്ത വിശദീകരണവും അടങ്ങിയതാണ്. ആയതിനാൽ ഇനിയും ഹർജികക്ഷിക്ക് എന്തെങ്കിലും വ്യക്തത വരുത്തേണ്ടതുണ്ടെങ്കിൽ അനാവശ്യ വിശദീകരണങ്ങൾ ഒഴിവാക്കി പോയിന്റുകൾ മാത്രം ആയി ഉന്നയിച്ച് പുതിയ ഒരു അപേക്ഷ നൽകിയാൽ ആയതിന് ആവശ്യമായ മറുപടി എസ്.പി.ഐ.ഒ. ലഭ്യമാക്കുന്നതാണ്. മേൽ സാഹചര്യത്തിൽ ഈ അപ്പീൽ ഹർജിയിന്മേൽ തുടർ നടപടികൾ ആവശ്യമില്ലെന്നു വിലയിരുത്തി, ഈ അപ്പീൽ ഹർജി ഇന്നേ ദിവസം 2021, ഡിസംബർ 24-ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

(ഒപ്പ്)

അഡ്വ.എച്ച്. രാജീവൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

അഡീഷണൽ സെക്രട്ടറി (നിയമം)
dp